# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3279 — 13-03-2017-ൽ മറുപടിയ്ക്ക്

### ന്യൂനപക്ഷ ക്ഷേമ വകുപ്പിന്‍ കീഴിലുള്ള പദ്ധതികള്‍

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തോമസ് ചാണ്ടി | | ശ്രീ. കെ.ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) | 1. സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്ക്കോളർഷിപ്പ്.<br>2. ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി.<br>3. ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം.<br>4. സ്വകാര്യ ഐ.റ്റി.ഐ./ ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ - റീ ഇംബേഴ്സ്മെന്റ് സ്കീം.<br>5. എസ്.എസ്.എൽ.സി/പ്ലസ് ടു/വി.എച്ച്.എസ്.ഇ/ ബിരുദ/ബിരുദാനന്തരബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ:ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് .<br>6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.<br>7. കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കുന്ന ബഹുമുഖ വികസന പദ്ധതി (MSDP). |
| (ബി) | എല്ലാ പഞ്ചായത്തുകളിലും ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിക്കുമോ; | (ബി) | ന്യൂനപക്ഷക്ഷേമ പ്രൊമോട്ടർമാരെ നിയമിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യർക്ക് തൊഴിൽ പരിശീലനം നല്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുമോ? | (സി) | എല്ലാ ജില്ലകളിലും അഭ്യസ്ത വിദ്യർക്കായുള്ള മത്സര പരീക്ഷ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തൊഴിൽ പരിശീലനം ലക്ഷ്യമാക്കി സ്വകാര്യ ഐ.റ്റി.ഐ-കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസ് റീഇംബേഴ്മെന്റും നൽകി വരുന്നു ണ്ട്. അഭ്യസ്ത വിദ്യർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് പ്രത്യേക പദ്ധതി നിർദ്ദേശങ്ങളൊന്നും നിലവിൽ പരിഗണനയിലില്ല. എന്നാൽ മൽസര പരീക്ഷകൾക്ക് തയ്യാറാക്കുന്നതിനായി 16 CCMY കളും 20 സബ്സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ